മാർക്കറ്റ്

294.71	↑	സെൻസെക്സ്	34300.47
84.80	↑	നിഫ്റ്റി	10539.75

സ്വർണം

പവൻ (8ഗ്രാം)	22,360
ഒരു ഗ്രാം	2795

ചെമ്മണൂർ ജുവലേഴ്സ് പെരുമ്പാവൂർ ഷോറൂം ഇന്ന് തുറക്കും

പെരുമ്പാവൂർ: ചെമ്മണ്ണൂർ ഇന്റർനാഷണൽ ജുവലേഴ്സ് ഗ്രൂപ്പിന്റെ 44-ാം ഷോറൂം പെരുമ്പാവൂരിൽ ഇന്ന് രാവിലെ 10.30ന് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ബോബി ചെമ്മണ്ണൂരും ചലച്ചിത്രതാരം അനു സിത്താരയും ചേർന്ന് ഉദ്ഘാടനം ചെയ്യും. ഉദ്ഘാടനത്തിന് എത്തുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന 10 പേർക്ക് സ്വർണ സമ്മാനങ്ങൾ ലഭിക്കും. ഡയമണ്ട് ആഭരണങ്ങൾക്ക് 50 ശതമാനം വരെ ഡിസ്കൗണ്ടുമുണ്ട്. ഉദ്ഘാടനച്ചടങ്ങിൽ പെരുമ്പാവൂരിലെ തിരഞ്ഞെടുക്കപ്പെട്ട വൃക്കരോഗികൾക്കും കാൻസർ രോഗികൾക്കും ധനസഹായം വിതരണം ചെയ്യും. പത്മശ്രീ അവാർഡ് ജേതാവ് ലക്ഷ്മിക്കുട്ടിയമ്മയെ ഡോ. ബോബി ചെമ്മണ്ണൂർ ആദരിക്കും.

വിവാഹ പാർട്ടികൾക്ക് സൗജന്യ വാഹനസൗകര്യം, വിശാലമായ കാർ പാർക്കിംഗ് ഏരിയ, ആകർഷകമായ ആനുകൂല്യങ്ങൾ എന്നിവയും ഷോറൂമിന്റെ പ്രത്യേകതകളാണ്.

ലയനം: ഇൻഷ്വറൻസ് കമ്പനി മേധാവികളുടെ യോഗം 16ന്

മുംബയ്: പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളായ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ്, നാഷണൽ ഇൻഷ്വറൻസ് കമ്പനി, ഓറിയന്റൽ ഇഷ്വറൻസ് കമ്പനി എന്നിവയുടെ ലയനം അടുത്ത സാമ്പത്തിക വർഷം അവസാനത്തോടെ പൂർണമായേക്കും. ലയനം സംബന്ധിച്ച് ചർച്ചകൾക്കായി ഈ മാസം 16ന് മൂന്ന് കമ്പനികളുടെയും മേധാവികൾ കൂടിക്കാഴ്ച നടത്തും. 2018-19 വർഷത്തേക്കുള്ള ബഡ്ജറ്റിൽ ധനമന്ത്രി അരുൺ ജയ്റ്റ്‌ലിയാണ് മൂന്ന് കമ്പനികളെയും ലയിപ്പിക്കുമെന്ന് വ്യക്തമാക്കിയത്. ഇവയുടെ 100 ശതമാനം ഓഹരികളും സർക്കാരിന്റെ കൈവശമായതിനാൽ ലയന നടപടികൾ സുഗമമായിരിക്കുമെന്നാണ് വിലയിരുത്തൽ.

നിയന്ത്രണം ഏശുന്നില്ല; കിട്ടാക്കടം പെരുകുന്നു

- ഡിസംബർപാദ വളർച്ച 34.5%
- മുന്നിൽ പൊതുമേഖലാ ബാങ്കുകൾ

കൊച്ചി: റിസർവ് ബാങ്കും കേന്ദ്ര സർക്കാരും നിയന്ത്രണ നടപടികൾ ഒട്ടേറെ സ്വീകരിച്ചിട്ടും രാജ്യത്തെ ബാങ്കിംഗ് മേഖലയിൽ കിട്ടാക്കടം പെരുകുന്നു. രാജ്യത്തെ 30 മുൻനിര ബാങ്കുകളുടെ മൊത്തം നിഷ്ക്രിയ ആസ്തി നടപ്പു സാമ്പത്തിക വർഷത്തെ ഒക്ടോബർ - ഡിസംബർ പാദത്തിൽ 34.5 ശതമാനം വർദ്ധിച്ചുവെന്ന് റേറ്റിംഗ് ഏജൻസിയായ കെയറിന്റെ റിപ്പോർട്ട് വ്യക്തമാക്കി. 17 സ്വകാര്യ ബാങ്കുകളുടെയും 13 പൊതുമേഖലാ ബാങ്കുകളുടെയും പ്രവർത്തനം അടിസ്ഥാനമാക്കിയാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

ബാങ്കുകളുടെ സംയോജിത കിട്ടാക്കട നിരക്ക് 8.34 ശതമാനത്തിൽ നിന്ന് 9.45 ശതമാനത്തിലേക്ക് ഡിസംബർ പാദത്തിൽ ഉയർന്നു. സ്വകാര്യ ബാങ്കുകളുടെ കിട്ടാക്കട നിരക്ക് 4.1 ശതമാനവും പൊതുമേഖലാ ബാങ്കുകളുടെ നിരക്ക് 12.4 ശതമാനവുമാണ്. പൊതുമേഖലാ ബാങ്കുകൾ നേരിടുന്ന പ്രതിസന്ധി സമീപഭാവിയിലെങ്ങും പരിഹരിക്കാനാവില്ലെന്നാണ് നിലവിലെ കണക്കുകൾ വ്യക്തമാക്കുന്നതെന്ന് കെയർ അഭിപ്രായപ്പെട്ടു.

കിട്ടാക്കടം കുറച്ച്, ബാലൻസ് ഷീറ്റ് മെച്ചപ്പെടുത്താനായി വൻതുക നീക്കിവയ്ക്കേണ്ടി (പ്രൊവിഷനിംഗ്) വരുന്നതാണ് പൊതുമേഖലാ ബാങ്കുകളെ പ്രതിസന്ധിയിലാഴ്ത്തുന്നത്. കഴിഞ്ഞപാദത്തിൽ ഇത്തരത്തിൽ 51,000 കോടി രൂപ ഇവയ്ക്ക് വകയിരുത്തേണ്ടി വന്നു. മൊത്തം 11,000 കോടി രൂപയുടെ നഷ്ടവും ഡിസംബർപാദത്തിൽ പൊതുമേഖലാ ബാങ്കുകൾ ചേർന്ന് കുറിച്ചിട്ടു. റിസർവ് ബാങ്കിന്റെ റിപ്പോർട്ട് പ്രകാരം സെപ്തംബർ പാദത്തിൽ കിട്ടാക്കടം പത്ത് ശതമാനത്തിൽ നിന്ന് 9.8 ശതമാനമായി കുറഞ്ഞിരുന്നു.

കിട്ടാക്കട വർദ്ധന മൂലം മൂലധന പ്രതിസന്ധി നേരിടുന്ന പൊതുമേഖലാ ബാങ്കുകൾക്ക് 2.11 ലക്ഷം കോടി രൂപയുടെ സഹായം രണ്ടുവർഷത്തിനകം നൽകാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സമ്പന്ന കുടുംബങ്ങളുടെ എണ്ണമുയരുന്നു

സാമ്പത്തിക അസമത്വം രൂക്ഷമാകുന്നുവെന്ന വാദം ശക്തമായിരിക്കേ, ഇന്ത്യയിൽ 25 കോടി രൂപയിലേറെ ആസ്തിയുള്ള കുടുംബങ്ങളുടെ എണ്ണം 2017ൽ 12 ശതമാനം വർദ്ധിച്ച് 1.60 ലക്ഷത്തിലെത്തി. ഇവരുടെ ആസ്തി അഞ്ച് ശതമാനം വർദ്ധിച്ച് 153 ലക്ഷം കോടി രൂപയുമായിട്ടുണ്ടെന്ന് കോട്ടക് വെൽത്ത് മാനേജ്മെന്റിന്റെ പഠനം സൂചിപ്പിക്കുന്നു. അഞ്ചു വർഷത്തിനകം 25 കോടി രൂപയിലേറെ ആസ്തിയുള്ള കുടുംബങ്ങളുടെ എണ്ണം 3.30 ലക്ഷമാകുമെന്നും ആസ്തി 352 ലക്ഷം കോടി രൂപയിലെത്തുമെന്നും പഠനം വ്യക്തമാക്കുന്നു.

‘കാഴ്ചപ്പാട്’ പരിപാടിയുമായി സ്വർണവ്യാപാരികൾ

കൊച്ചി: പ്രതിസന്ധികൾ തിരിച്ചറിഞ്ഞ്, ആത്മവിശ്വാസത്തോടെ മുന്നേറാൻ സ്വർണ വ്യാപാരികളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഓൾ കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ (എ.കെ.ജി.എസ്.എം.എ) സംഘടിപ്പിക്കുന്ന ‘കാഴ്ചപ്പാട് - 2018’ പരിപാടി മാർച്ച് നാലിന് കൊച്ചിയിൽ സമാപിക്കും. കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, തൃശൂർ, കൊല്ലം ജില്ലകളിൽ പരിപാടികൾ നടന്നു. ഈ മാസം 18ന് കാസർഗോഡും 25ന് തിരുവനന്തപുരത്തും പരിപാടി നടക്കും.

ഇതിനകം 1,500ലേറെ സ്വർണ വ്യാപാരികൾ പരിപാടിയിൽ പങ്കെടുത്തു. ജി.എസ്.ടി., ഹോൾമാർക്കിംഗ്, ചില്ലറ വ്യാപാര രംഗത്തേക്ക് നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും കടന്നുകയറ്റം, വൻകിട വ്യാപാരികളുടെ ഓഫർ പ്രഖ്യാപനങ്ങൾ, സ്വർണ ലഭ്യത, സ്വർണത്തിന്റെ പ്രതിദിന വില നിർണയരീതി എന്നിങ്ങനെയുള്ള വിഷയങ്ങളാണ് ‘കാഴ്ചപ്പാട്’ ചർച്ച ചെയ്യുന്നത്. സമാപന പരിപാടിയിൽ ദേശീയ നേതാക്കൾ ക്ലാസ് എടുക്കുമെന്ന് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡോ.ബി. ഗോവിന്ദൻ, ജനറൽ സെക്രട്ടറി കെ. സുരേന്ദ്രൻ കൊടുവള്ളി, ട്രഷറർ എസ്. അബ്ദുൾ നാസർ എന്നിവർ പറഞ്ഞു.

വിനിമയനിരക്ക്

കറൻസി	സെൽ	ബയിംഗ്
ഡോളർ	64.43	64.33
യൂറോ	78.90	78.80
പൗണ്ട്	89.45	89.33
സ്വിസ് ഫ്രാങ്ക്	68.73	68.62
സിംഗപ്പൂർ ഡോളർ	48.45	48.36
ആസ്ട്രേലിയ ഡോളർ	50.20	50.04
കനേഡിയൻ	51.12	51.04
ബഹ്റിൻ ദിനാർ	170.77	
കുവൈറ്റ് ദിനാർ	214.46	
ഒമാനി റിയാൽ	167.16	
സൗദി റിയാൽ	17.17	
യു. എ. ഇ. ദിർഹം	17.53	
ഖത്തർ റിയാൽ	17.68	

കമ്പോളനിലവാരം

കൊച്ചി

വെളിച്ചെണ്ണ മില്ലിംഗ്	19,800
വെളിച്ചെണ്ണ	19,000
കൊപ്ര	12,780-13,700
പിണ്ണാക്ക് എക്സ്പെല്ലർ	2900
പിണ്ണാക്ക് റോട്ടറി	3600
കുരുമുളക്	
ചേറ്റാത്തത്	39,300
കുരുമുളക് പുതിയത്	37,800
കുരുമുളക് ചേറ്റിയത്	41,300
ചുക്ക് മീഡിയം	12,500
ചുക്ക് ബെസ്റ്റ്	13,500
മഞ്ഞൾ	11,500
സേലം-ഈറോഡ്	8500-9000
കാഞ്ഞിരക്കുരു	1850
അടയ്ക്ക	
പുതിയത്	20,000-21,000
അടയ്ക്ക പഴയത്	ഇല്ല
പഞ്ചസാര	3550
വറ്റൽമുളക്	9000-15,000
ഉഴുന്ന്	6000-7000
ചെറുപയർ	6500-7300
കടല	5,500-6,500
മുതിര	4100
എള്ള്	11,000
മല്ലി	6,300-9,000
പച്ചരി നമ്പർ-2	2400-3150
പുഴുക്കലരി (ജയ)	3700-3750
ജാതിക്കതൊണ്ടൻ	180-190
തൊണ്ടില്ലാത്തത്	340-360
ജാതിപത്രി	500-600
ഗ്രാമ്പൂ	680
പാംഓയിൽ	6430
പൈനാപ്പിൾ	
പച്ച	19.00
പച്ച (സ്പെഷ്യൽ)	20.00
പഴം	23.00
റബർ	
ആർഎസ്എസ്4	12,350
ആർഎസ്എസ്-5	11,500-12,100
ഒട്ടുപാൽ	8100
ലാറ്റക്സ്	8400

ആലപ്പുഴ

വെളിച്ചെണ്ണ	19700
പിണ്ണാക്ക്	3000
കൊപ്ര	13000
,,	13050
,,	13100

കോട്ടയം

കമ്പോളനിലവാരം

വ്യാപാരി വില	
ആർ.എസ്.എസ്4	121.00
ആർ.എസ്.എസ്5	118.00
തരംതിരിക്കാത്തത്	109.00
ഒട്ടുപാൽ	72.00
റബർ ബോർഡ്	
ആർ.എസ്.എസ്4	12400
ആർ.എസ്.എസ്5	12100
തരംതിരിക്കാത്തത്	10900
ഒട്ടുപാൽ	8665
ബാങ്കോക്ക്	
ആർ.എസ്.എസ്1	11084
ആർ.എസ്.എസ്2	10963
ആർ.എസ്.എസ്3	10851
ആർ.എസ്.എസ്4	10790
ആർ.എസ്.എസ്5	10698
കോലാലമ്പൂർ	
(ബ്രായ്ക്കറ്റിൽ ഡോളർ വില)	
എസ്.എം.ആർ 20	9257 (144.00)
60% ലാറ്റക്സ്	7660 (119.15)
വെളിച്ചെണ്ണ	20900
കൊപ്ര	13400
ശർക്കര (മറയൂർ)	6000
ശർക്കര (പാണ്ടി)	5000

തൃശൂർ

മാർക്കറ്റ്

വെളിച്ചെണ്ണ	19000
കൊപ്ര	13400
തേങ്ങപിണ്ണാക്ക്	2900
എള്ളിൻപിണ്ണാക്ക്	3200
നല്ലെണ്ണ	2200
കടലെണ്ണ	2200
അടയ്ക്ക കൊക്കാലെ	
പുതിയത	4000-4400
പഴയത്	4000-4600
രണ്ടാംതരം	2000-2500
അമല	
പുതിയത	4000-4540
പഴയത	4150-4780
രണ്ടാംതരം	2600-3100
അടയ്ക്ക പഴഞ്ഞി	
പഴയത്	4000-4600
പുതിയത്	4000-4400
രണ്ടാംതരം	2600-3300

നെടുമങ്ങാട്

കമ്പോളനിലവാരം

കുരുമുളക് (പഴയത്)	350 (കിലോ)
കുരുമുളക് (പുതിയത്)	300 (കിലോ)
പച്ചക്കുരുമുളക്	133 (,,)
കൊട്ടപ്പാക്ക് (പുതിയത്)	180 (,,)
വരവുമേനി	140 (,,)
റബ്ബർ	106 (,,)
ഒട്ടുപാൽ	65 (,,)
ജാതിക്ക	150 (,,)
ജാതിപരിപ്പ്	260 (,,)
ജാതിപത്രി	450 (,,)
ഗ്രാമ്പൂ	500 (,,)
കാപ്പിപരിപ്പ്	90 (,,)
കൊക്കോ	10 (,,)
തേങ്ങ	48 (,,)
സ്വർണം	
കൊച്ചി (8ഗ്രാം)	22,360
ഒരുഗ്രാം	2795
വെള്ളി	
തിരുവനന്തപുരം	43000
കൊച്ചി	43000

വണ്ടർല ഏർപ്പെടുത്തിയ പരിസ്ഥിതി - ഊർജ്ജ സംരക്ഷണ അവാർഡിൽ ഒന്നാംസ്ഥാനം നേടിയ തൃശൂർ കുരിയച്ചിറ സെന്റ് പോൾസ് പബ്ലിക് സ്കൂൾ അധികൃതർ ചലച്ചിത്രതാരം ടിനി ടോമിൽ നിന്ന് പുരസ്കാരം സ്വീകരിക്കുന്നു. വണ്ടർല ഹോളിഡെയ്സ് സ്ഥാപകൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, ചെയർമാൻ എം. രാമചന്ദ്രൻ, വണ്ടർല കൊച്ചി പാർക്ക് മേധാവി എം.എ. രവികുമാർ തുടങ്ങിയവർ സമീപം.

വണ്ടർല പരിസ്ഥിതി സംരക്ഷണ അവാർഡുകൾ സമ്മാനിച്ചു

കൊച്ചി: കേരളത്തിലെയും തമിഴ്നാട്ടിലെയും സ്കൂളുകൾക്കായി വണ്ടർല ഏർപ്പെടുത്തിയ പരിസ്ഥിതി - ഊർജ്ജ സംരക്ഷണ അവാർഡുകൾ വണ്ടർല കൊച്ചിയിൽ നടന്ന ചടങ്ങിൽ നടൻ ടിനി ടോം സമ്മാനിച്ചു. വണ്ടർല ഹോളിഡെയ്സ് സ്ഥാപകൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി അദ്ധ്യക്ഷത വഹിച്ചു. ചെയർമാൻ എം. രാമചന്ദ്രൻ, വണ്ടർല കൊച്ചി പാർക്ക് മേധാവി എം.എ. രവികുമാർ, ഗസ്റ്റ് റിലേഷൻസ് മാനേജർ ആർ. മോഹൻകുമാർ എന്നിവർ സംസാരിച്ചു.

ഒന്നാംസ്ഥാനം നേടിയ തൃശൂർ കുരിയച്ചിറ സെന്റ് പോൾസ് പബ്ലിക് സ്കൂൾ 50,000 രൂപ കരസ്ഥമാക്കി. രണ്ടാം സ്ഥാനക്കാരായ മലപ്പുറം വാളക്കുളം കെ.എച്ച്.എം.എസ്.എസ്.എസ്, ഇടുക്കി രാജകുമാരിയിലെ ഹോളി ക്വീൻസ് യു.പി.എസ് എന്നിവ 25,000 രൂപയും മൂന്നാംസ്ഥാനക്കാരായ കൊടുങ്ങല്ലൂർ അമൃത വിദ്യാലയം, എറണാകുളം കൂനമ്മാവ് ചാവറ ദർശൻ സി.എം.ഐ പബ്ലിക് സ്കൂൾ, തിരുവനന്തപുരം എടവ ജവഹർ പബ്ലിക് സ്കൂൾ എന്നിവ 15,000 രൂപയും നേടി. വിജയികൾക്ക് ഇതിനുപുറമേ ട്രോഫിയും സർട്ടിഫിക്കറ്റുകളും സമ്മാനിച്ചു.

ലുലു ഫ്ലവർ ഫെസ്റ്റിന് ഇന്ന് തുടക്കം

കൊച്ചി: ലുലുമാളിൽ ലുലു ഫ്ലവർ ഫെസ്റ്റിന് ഇന്ന് തുടക്കമാകും. സന്ദർശകർക്ക് മാളിൽ പ്രദർശിപ്പിച്ചിരിക്കുന്ന പൂച്ചെടികളും ഫലവർഗ ചെടികളും ഔഷധച്ചെടികളും കുറഞ്ഞ വിലയ്ക്ക് സ്വന്തമാക്കാം. ഫെസ്റ്റിനോട് അനുബന്ധിച്ചുള്ള ലുലു ലിറ്റിൽ പ്രിൻസസ് മത്സരം 17നും ഫ്ലോറൽ അറേഞ്ച്മെന്റ് മത്സരം ഫെസ്റ്റിന്റെ സമാപന ദിവസമായ 18നും നടക്കും. വിജയികൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ലഭിക്കും. പങ്കെടുക്കാൻ താത്പര്യമുള്ളവർ 9072579093 എന്ന നമ്പറിൽ വിളിക്കണം.

ഇന്നു മുതൽ 18വരെ രാവിലെ പത്തു മുതൽ രാത്രി പത്തു വരെയാണ് പ്രദർശന - വില്പന സമയം. ഫ്ലവർ ഷോയുടെ ലോഗോ പ്രകാശനം ചലച്ചിത്രതാരം ജയസൂര്യ നിർവഹിച്ചു. ചലച്ചിത്രതാരം അനു സിത്താര, സംഗീത സംവിധായകൻ ഗോപി സുന്ദർ എന്നിവർ ചേർന്ന് ലോഗോ സ്വീകരിച്ചു. ലുലു ബയിംഗ് മാനേജർ ദാസ് ദാമോദരൻ, ലുലു ഗ്രൂപ്പ് മീഡിയ കോ - ഓർഡിനേറ്റർ എൻ.ബി. സ്വരാജ്, ലുലുമാൾ ഓപ്പറേഷൻ മാനേജർ സമീർ വർമ്മ എന്നിവർ സംസാരിച്ചു.

LuLu
FLOWER
FESTIVAL 2018
14th - 18th FEB, 2018

ലുലുമാളിൽ ഇന്നു മുതൽ 18വരെ നടക്കുന്ന ഫ്ലവർ ഫെസ്റ്റിന്റെ ലോഗോ പ്രകാശനം നടൻ ജയസൂര്യ നടി അനു സിത്താര, സംഗീത സംവിധായകൻ ഗോപി സുന്ദർ എന്നിവർക്ക് നൽകി നിർവഹിക്കുന്നു. സംവിധായകൻ ജി. പ്രജീഷ് സെൻ, ലുലു ബയിംഗ് മാനേജർ ദാസ് ദാമോദരൻ, ലുലു ഗ്രൂപ്പ് മീഡിയ കോ - ഓർഡിനേറ്റർ എൻ.ബി. സ്വരാജ്, ലുലുമാൾ ഓപ്പറേഷൻ മാനേജർ സമീർ വർമ്മ എന്നിവർ സമീപം.

യൂബർ ഈറ്റ്സ് കൊച്ചിയിലും; സേവനം നാളെ മുതൽ

കൊച്ചി: ഉപഭോക്താക്കൾക്ക് റെസ്റ്റോറന്റുകളിലെ ഭക്ഷണം മൊബൈൽ ആപ്പ് വഴി ഓർഡർ ചെയ്ത് വാങ്ങാവുന്ന സേവനത്തിന് യൂബർ ഈറ്റ്സ് നാളെ ഉച്ചയ്ക്ക് 12 മുതൽ കൊച്ചിയിൽ തുടക്കമിടും. ഇന്ത്യയിൽ യൂബർ ഈറ്റ്സ് സാന്നിദ്ധ്യമറിയിക്കുന്ന ഒമ്പതാമത്തെ നഗരമാണ് കൊച്ചി. ആദ്യഘട്ടത്തിൽ കലൂർ, പനമ്പിള്ളി നഗർ, മറൈൻ ഡ്രൈവ്, എളംകുളം എന്നിവിടങ്ങളിലാണ് സേവനം ലഭിക്കുകയെന്ന് യൂബർ ഈറ്റ്സ് ഇന്ത്യ മേധാവി ഭവിക് റാത്തോഡ് പറഞ്ഞു. കൂടുതൽ മേഖലകളിലേക്ക് സേവനം വൈകാതെ വ്യാപിപ്പിക്കും.

ഉപഭോക്താക്കളിൽ നിന്ന് ഒരു രൂപ മാത്രമാകും ഡെലിവറി ചാർജ്ജായി ഈടാക്കുക. ശരാശരി 35 മിനിറ്റിനകം ഓർഡർ ചെയ്ത ഭക്ഷണം ഉപഭോക്താക്കൾക്ക് ലഭ്യമാകും. ഇതിനകം 200 റെസ്റ്റോറന്റുകൾ കൊച്ചിയിൽ യൂബർ ഈറ്റ്സ് പട്ടികയിലുണ്ട്. നിലവിൽ പേടിഎമ്മിലൂടെയോ നേരിട്ട് പണമായോ മാത്രമേ ബിൽ പേമെന്റ് നടത്താനാകൂ. വൈകാതെ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് പേമെന്റും സാദ്ധ്യമാകും.

ഉപഭോക്താക്കൾക്ക് ഡെലിവറി സമയം ഷെഡ്യൂൾ ചെയ്യാനും ഓർഡറുകൾ കാൻസൽ ചെയ്യാനും യൂബർ ഈറ്റ്സ് ആപ്പിൽ സൗകര്യമുണ്ട്. കാൻസലേഷന് പ്രത്യേക ഫീസുണ്ട്. ഡെലിവറി വാഹനത്തെ ട്രാക്ക് ചെയ്യാനുള്ള ഓപ്ഷനും ആപ്പിൽ ലഭ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

ശാസ്ത്രകൗമുദി

പോഷക സമ്പുഷ്ടം അവാക്കാഡോ !

പോഷകസമ്പന്നവും ഊർജ്ജദായിനിയുമായ ഫലവർഗമാണ് അവാക്കാഡോ. പ്രായമാകുന്നതിനെ ചെറുത്തു തോൽപ്പിക്കുന്ന അവാക്കാഡോ ബട്ടർ ഫ്രൂട്ട് അഥവാ വെണ്ണപ്പഴമെന്നും അവാക്കാഡോ അറിയപ്പെടുന്നു. ആരോഗ്യസംരക്ഷണത്തിന് ആവശ്യമായ 25 ലേറെ ധാതുലവണങ്ങളും വിറ്റാമിനുകളും മറ്റു പോഷകങ്ങളും ഇതിലുണ്ട്.

ഓരോ നൂറുഗ്രാം പൾപ്പിലും 245 ലോറി അടങ്ങിയിരിക്കുന്നു. ഇതിലടങ്ങിയിട്ടുള്ള ഗ്ലൂട്ടാത്തിയോൺ എന്ന ആന്റിഓക്സിഡന്റ് മാരക രോഗങ്ങളെ പോലും പ്രതിരോധിക്കും. രക്തത്തിലെ ചീത്ത കൊളസ്ട്രോളിന്റെ അളവു കുറയ്ക്കാൻ കഴിവുള്ള ഈ ഫലം ഹൃദയാരോഗ്യത്തെ സംരക്ഷിക്കുന്നതിലും മുൻപന്തിയിലാണ്. ഒരാഴ്ച തുടർച്ചയായി അവാക്കാഡോ അടങ്ങിയ ഭക്ഷണം കഴിച്ചാൽ രക്തത്തിലെ കൊളസ്ട്രോളിന്റെ അളവ് 17 ശതമാനം കണ്ടു കുറയുമെന്ന പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട് . പൊട്ടാസ്യം, ഉയർന്ന അളവിൽ മഗ്നീഷ്യം, ഫോസ്ഫറസ്, ഇരുമ്പ്, മൂലകങ്ങളും പ്രോട്ടീൻ, വൈറ്റമിൻ എ.ബി.സി.കെ എന്നിവയും അവാക്കാഡോയിൽ അടങ്ങിയിട്ടുണ്ട്.

കൗമുദി ടിവി

6.00 ഡിവോഷണൽ സോംഗ്
6.26 am, pm ദൈവദശകം
7.00 ജീസസ് ഈസ് എലൈവ്
7.30 പ്രണവം
8.00 സ്നേക് മാസ്റ്റർ
8.30 ന്യൂസ് ട്രാക്ക്
9.00 ലവ് സ്റ്റോറി
9.30 ഡ്രീം ഡ്രൈവ്
10.35 ഡേ വിത്ത് എ സ്റ്റാർ
11.35 ഫിലിം ബോക്സ്
12.35 സാൾട്ട് ആൻഡ് പെപ്പർ
1.35 സി.ഐ ഷിബു എസ്.ഐ
2.35 ലേഡീസ് അവർ
6.00 ഓ മൈ ഗോഡ്
6.35 ദേവാമൃതം
7.00 സീക്രട്ട് ഫയൽസ്
8.35 സ്ട്രെയ്റ്റ് ലൈൻ
10.30 ഹാസ്യരസം

MEDIMIX
ദേവാമൃതം
MON TO FRI
6:30AM
6:35PM
Powered by
SEAGULL INTERNATIONAL

ഡിഡി മലയാളം

7.00 കൃഷിദർശൻ
8.00 മേഘരാഗം

ഡിഡി കേരളം

11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാന ശ്യാമ സന്ധ്യ

ഏഷ്യാനെറ്റ്

6.00 വേഴാമ്പൽ
6.30 ശ്രീമുരുകൻ
7.00 വാനമ്പാടി
7.30 കറുത്തമുത്ത്
8.00 പരസ്പരം
8.30 കസ്തൂരിമാൻ
9.00 ഭാര്യ
9.30 കോമഡി സ്റ്റാർഡ് സീസൺ 2

ന്യൂസ്

8.00 വാർത്താ പ്രഭാതം
8.30 ചുറ്റുവട്ടം
12.30 നേർക്കുനേർ
2.30 ഡോ. ലൈവ്

ഏഷ്യാനെറ്റ് പ്ലസ്

7.30 മാനസവീര
8.00 അക്കരെയാണെന്റെ മാനസം
8.30 മൗനം സമ്മതം

ANIMAL PLANET

06:00am Monster Wars
07:00 Wild Cats
08:00 Animal Planet Exclusives
09:00 Lords of the Jungle
10:00 Animals Unleashed
11:00 Survival Games
12:00 Animals Unleashed
02:00 100 Days 100 Tales
03:30 Survival Games
04:00 Lords of the Jungle
05:00 Wild Cats
06:00 Republic Day Special
08:00 Monster Wars

സിനിമ

ഏഷ്യാനെറ്റ് hd: 9.00 അലിഭായ്

ഏഷ്യാനെറ്റ് മൂവീസ്: 7.00 ആനച്ചന്തം 10.00 നിറം

1.00 ടി.പി. ബാലഗോപാലൻ എം.എ

4.00 കൊട്ടാരം വീട്ടിലെ അപ്പൂട്ടൻ

ഏഷ്യാനെറ്റ്: 9.00 സമ്മർ ഇൻ ബേത്‌ലഹേം

ഏഷ്യാനെറ്റ് പ്ലസ്: 12.00 അനിയത്തിപ്രാവ്

എസിവി: 9.00 ഹാപ്പി വെഡ്ഡിംഗ് 2.00 ഡോക്ടർ ലവ് 9.30 കളിവീട്

റോസ്ബൗൾ: 2.00 സൺഡേ

ജുക്ക്ബോക്സ്: 6.30 കൺകെട്ട്

കൈരളി: 1.15 പ്രേമം **വി:** 12.30 ആലിലക്കുരുവി 8.00 പാസ്സഞ്ചർ

നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2018 ഫെബ്രുവരി 14 ബുധൻ)

മേടം : *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*
ആത്മസംതൃപ്തി. അന്യരുടെ കാര്യങ്ങളിൽ ശ്രദ്ധിക്കും. അപകടത്തിൽ നിന്നും രക്ഷനേടും.

ഇടവം: *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*
സാമ്പത്തികത്തിൽ ശ്രദ്ധ വേണം. പുതിയ പ്രവർത്തനശൈലി. ജോലിയിൽ മാറ്റം.

മിഥുനം : *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*
പദ്ധതികൾ സമർപ്പിക്കും. പരീക്ഷാ വിജയം. സർവകാര്യങ്ങളിലും നേട്ടം.

കർക്കടകം : *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*
സമയോചിതമായി ഇടപെടും. പ്രതീക്ഷിച്ചതിലുപരി നേട്ടം. ആത്മനിയന്ത്രണം പാലിക്കും.

ചിങ്ങം : *(മകം, പൂരം, ഉത്രം കാൽ ഭാഗം)*
യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളും. പങ്കാളിയുടെ നിർദ്ദേശം സ്വീകരിക്കും. ആത്മാഭിമാനം വർദ്ധിക്കും.

കന്നി : *(ഉത്രം അവസാന മുക്കാൽ ഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)*
ആരോഗ്യത്തിൽ ശ്രദ്ധ വേണം. ഗുണകരമായ തീരുമാനമെടുക്കും. ഉദാസീന മനോഭാവം ഉപേക്ഷിക്കും.

തുലാം: *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*
അലസത വെടിയും. അവസരങ്ങൾ ഉപയോഗപ്പെടുത്തും. അനിശ്ചിതാവസ്ഥ മാറും.

വൃശ്ചികം : *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*
ജോലിയിൽ ഉയർച്ച. ആത്മീയ ചിന്ത വർദ്ധിക്കും. യാത്രകൾ വേണ്ടിവരും.

ധനു: (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)
വിദഗ്ദ്ധ നിർദ്ദേശം സ്വീകരിക്കും. സാമ്പത്തിക നേട്ടം. ദേഹാസ്വസ്ഥ്യമനുഭവപ്പെടും.

മകരം: *(ഉത്രാടം അവസാന മുക്കാൽഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).*
ആരോഗ്യം ശ്രദ്ധിക്കും. തർക്കങ്ങൾ പരിഹരിക്കും. വാഹനം മാറ്റിവാങ്ങും.

കുംഭം: *(അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*
വിട്ടുവീഴ്ചാ മനോഭാവം സ്വീകരിക്കും. ആർഭാടങ്ങൾക്ക് നിയന്ത്രണം. അവധിയെടുക്കാനിടവരും.

മീനം: *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്രട്ടാതി, രേവതി).*
രോഗപീഡകൾ മാറും. യാത്രകൾ വേണ്ടിവരും. കുടുംബത്തിൽ ഐക്യം.

- ഗോപകുമാർ ശർമ്മ